സ്വീകർത്താവ്

വിഷയം : പുകയില നിരോധന നിയമം 2004 പ്രകാരം പുകയില ഉത്പന്നങ്ങൾ വിൽക്കുന്ന കടകളിൽ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പുകയില വിൽക്കുന്നത് ഇന്ത്യൻ പുകയില നിയമം അനുസരിച്ച് പിഴ ചുമ ത്താവുന്ന കുറ്റം ആണ് എന്ന് അറിയിയ്ക്കുന്ന ബോർഡ് വയ്ക്കുന്നത് സംബന്ധിച്ച്

സൂചന : a. പുകയില നിയന്ത്രണ നിയമം 2004 ഉം തുടർന്നുള്ള നടപ്പാക്കൽ സംബ ന്ധമായ ഗസറ്റ് വിജ്ഞാപനങ്ങളും

b. 03/01/2011 - ൽ കൂടിയ പുകയില രഹിത എറണാകുളം പദ്ധതി ഉന്നതതല യോഗ തീരുമാനം

ഓരോ വർഷവും അനേക ലക്ഷം ആളുകളുടെ മരണത്തിന് കാരണമായ പൊതുസ്ഥലത്തെ പുകവലി, നിയമം മൂലം നിരോധിച്ചിട്ട് 30 മാസം പിന്നിട്ടിരിയ്ക്കുകയാണ്. എറണാകുളം ജില്ലാ ഭരണകൂടം, വിവിധങ്ങളായ നടപടി കളിലൂടെ പൊതുസ്ഥലത്തെ പുകവലി നിയന്ത്രിച്ചു കൊണ്ടിരിയ്ക്കുകയാണ്. ആയതിന്റെ ഭാഗമായി സന്നദ്ധ സംഘടനകളുമായി ചേർന്ന് 'പുകവലി രഹിത എറണാകുളം' എന്ന പേരിൽ ഒരു പൊതുജന പങ്കാളിത്ത പുക യില നിയന്ത്രണ പരിപാടി ജില്ലയിൽ നടപ്പിലാക്കിക്കൊണ്ടിരിയ്ക്കുകയാണ്. പുകവലി നിരോധന നിയമം 2004 - സെക്ഷൻ 6-a അനുസരിച്ച് 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പുകയില ഉത്പന്നങ്ങൾ വിൽക്കുന്നത് പിഴ ചുമത്തുന്ന കുറ്റകൃത്യമാണ്. കൂടാതെ പുകയില വിൽക്കുന്ന കടകളിൽ എല്ലാം 18 വയസ്സിൽ താഴെയുള്ള കുട്ടി കൾക്ക് പുകയില വിൽക്കുന്നത് ഇന്ത്യൻ പുകയില നിയമം അനുസരിച്ച് പിഴ ചുമത്താവുന്ന കുറ്റം ആണ് എന്ന് അറിയിയ്ക്കുന്ന ബോർഡ് എല്ലാവർക്കും കാണാവുന്ന വിധം പ്രദർശിപ്പിക്കേണ്ടതാണ്. ഇപ്രകാരം ബോർഡു വയ്ക്കാത്ത കടകൾക്ക് പുകയില ഉത്പന്നങ്ങൾ വിൽക്കാൻ അവകാശമില്ല. ഇപ്രകാരമുള്ള കടകൾ ശ്രദ്ധ യിൽപ്പെട്ടാൽ നിയമ നടപടി സ്വീകരിയ്ക്കുവാൻ പോലീസിനും ആരോഗ്യവകുപ്പിനും അധികാരം നൽകിയിട്ടു ണ്ട്. കൂടാതെ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പുകയില ഉത്പന്നങ്ങൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെ ട്ടാൽ പുകയില നിരോധന നിയമം അനുശാസിയ്ക്കുന്ന വിധം നിയമനടപടി സ്വീകരിക്കുന്നതാണ്.

ഓരോ ദിവസവും 2500 ൽ അധികം ആളുകളുടെ മരണത്തിന് കാരണമാവുന്ന പുകയില ഉപയോഗം മാനവരാ ശിയുടെ ചരിത്രത്തിലെ ഏറ്റവും അപകടകാരിയായ ഉപഭോഗവസ്തുവാണ്. ഒരിയ്ക്കൽ അടിമപ്പെട്ടാൽ, പുറ ത്തുകടക്കാൻ വൈഷമ്യമുള്ള ദുശ്ശീലമായ പുകവലിയ്ക്കും പുകയില ഉപഭോഗത്തിനും എതിരെ വരും തലമു റയെ ബോധവത്ക്കരിക്കേണ്ടതും അടിമപ്പെടാതെ സംരക്ഷിയ്ക്കേണ്ടതും നമ്മുടെ കർത്തവ്യമാണ്. നമ്മുടെ കുട്ടികളെ ഒരുമഹാവിപത്തിൽ നിന്നും രക്ഷിയ്ക്കാനുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ശ്രമമായിക്കണ്ട് ഈ നിയമത്തിന്റെ നടപ്പാക്കൽ എത്രയും വേഗം നടപ്പാക്കണമെന്ന് താൽപ്പര്യപ്പെടുന്നു.